# ഭാഷാസാഹിതി

കേരളസർവകലാശാല മലയാളവിഭാഗത്തിന്റെ
ത്രൈമാസികപ്രസിദ്ധീകരണം

PEER REVIEWED JOURNAL

179

## ഉള്ളടക്കം


| | | | |
|---|---|---|---|
| | ഡോ. കെ. കെ. ശിവദാസ് | 5 | ആമുഖം |
| 1 | ഡോ. സീമ ജെറോം | 7 | വ്യാകരണത്തിന്റെ സാംസ്കാരിക രാഷ്ട്രീയം |
| 2 | ഡോ. തോമസ് സ്കറിയ | 19 | അപകൃഷ്ട ഭാഷയും സമൂഹവും |
| 3 | ഡോ. സുജാത പി. | 27 | ആശയവിനിമയത്തിലെ നവമാധ്യമ സങ്കേതങ്ങളും സൂചകങ്ങളും |
| 4 | ഡോ. സിബു മോടയിൽ | 38 | ഭാഷാശാസ്ത്രപഠനവും നവമാധ്യമങ്ങളും |
| 5 | ഡോ. പ്രിൻസ് മോൻ ജോസ് | 49 | സൈബർലോകത്തെ ഭാഷാപുനർനിർമിതികൾ |
| 6. | രമ്യാ രാജൻ ആർ. | 57 | പുട്ടെഴുത്തുകൾ മലയാളത്തിൽ |
| 7. | ശ്രീകാന്ത് ആർ. വി. | 63 | സൗന്ദര്യവും സങ്കേതവും ലിപി വ്യവസ്ഥയിൽ -ബെഞ്ചമിൻ ബെയ്‌ലിയുടെ ഇടപെടലുകളെ മുൻനിർത്തി ഒരന്വേഷണം |
| 8. | ഡോ. ജൈനിമോൾ. കെ.വി. | 71 | എം. കെ. സാനുവിന്റെ ജീവചരിത്രരചനകൾ : ഒരു പഠനം |
| 9. | അജി ഡി. | 80 | മലയാളപെൺകവിതയിലെ ഗാർഹിക ഇടങ്ങൾ |
| 10. | നിഷമോൾ തങ്കപ്പൻ | 89 | എം.ആർ. രേണുകുമാറിന്റെ കവിതകളിലെ ദളിത് ബോധം |
| 11. | അപർണ എ. പി. | 101 | മഹാമാരികൾ നോവൽസാഹിത്യത്തിൽ |
| 12. | ഷാലിമ ലിസ്സി ഷാജൻ | 112 | ജെ.കെ.വി.യുടെ കഥാലോകം |



കേരളസർവകലാശാലയ്ക്കുവേണ്ടി മലയാളവിഭാഗം അദ്ധ്യക്ഷ പ്രൊഫ. എസ്. ഷിഫ കേരള യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നത്. ഭാഷാസാഹിതിയിൽ പ്രസിദ്ധപ്പെടുത്തേണ്ട ലേഖനങ്ങൾ, കത്തുകൾ എന്നിവ വകുപ്പധ്യക്ഷ, മലയാളവിഭാഗം, കേരളസർവകലാശാല, കാര്യവട്ടം-695 581, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുക.

# എം. കെ. സാനുവിന്റെ ജീവചരിത്രരചനകൾ : ഒരു പഠനം

**ഡോ. ജെനിമോൾ കെ. വി.**

**അസിസ്റ്റന്റ് പ്രൊഫസർ**

**സി.എ.എസ് കോളേജ്, മാടായി**

സംഗ്രഹം

ജീവചരിത്രശാഖയുടെ സഞ്ചാരപഥത്തിന് സത്യത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും ദിശാബോധം നൽകിയ എഴുത്തുകാരിൽ പ്രമുഖനാണ് പ്രൊഫ. എം. കെ. സാനു. കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരികരംഗങ്ങളിൽ നിറഞ്ഞുനിന്ന അനവധി വ്യക്തിത്വങ്ങളുടെ ജീവിതത്തെയും അവയുടെ യഥാർത്ഥസ്വത്വത്തെയും അന്വേഷിച്ച സാനുവിന്റെ ജീവചരിത്രരചനകൾ വ്യതിരിക്തമാകുന്നതെങ്ങനെ എന്ന്പരിശോധിക്കുകയാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

വ്യക്തി, സ്വത്വം, ചരിത്രം, ജീവചരിത്രം, ജീവിതവ്യവഹാരം.

ഒരു വ്യക്തിയുടെ ജീവിതവ്യവഹാരങ്ങളെ ചില സവിശേഷ മാനദണ്ഡങ്ങൾക്കനുസൃതമായി ചരിത്രപരമായി രേഖപ്പെടുത്തുന്നതിനെ പൊതുവെ ജീവചരിത്രം എന്നു പറയാം. 1683 ൽ ജോൺ ഡ്രൈഡനാണ് 'ബയോഗ്രഫി' എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത്. ഇംഗ്ലീഷിലെ ഈ പദത്തിന് സമാനമായാണ് മലയാളത്തിൽ ജീവചരിത്രം എന്ന് പ്രയോഗിക്കുന്നത്. ബയോസ് (Bios), ഗ്രഫിയ(Graphiya) എന്നീ പദങ്ങൾക്ക് യഥാക്രമം ജീവിതരീതി എന്നും ചരിത്രം എന്നും അർത്ഥം കല്പിക്കുന്നു. ജീവചരിത്രത്തിന് നിരവധി നിർവ്വചനങ്ങളും പണ്ഡിതർ നൽകിയിട്ടുണ്ട്. ഒരു വ്യക്തിയുടെ സത്യസന്ധമായ ജീവിതരേഖയാണ് ജീവചരിത്രം (ഹാരോൾഡ് നിക്സൺ), മനുഷ്യാത്മാവിന്റെ പരിണാമ